ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങൾ

109 (1240) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.എച്ച്.ആർ.ഡി.യുടേതായി എവിടെയെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലും ഇതിന്റെ ഡയറക്ടറേറ്റിലും എത്ര സ്റ്റാഫ് ഏതെല്ലാം തസ്തികകളിൽ ജോലിചെയ്യുന്നു? അവരുടെ പേരും വിലാസവും യോഗ്യതയും വെളിപ്പെടുത്താമോ ;

(സി) ഇവരെ ഏത് ഏജൻസി നിയമിക്കുകയുണ്ടായി; വിശദമാക്കാമോ ;

(ഡി) പ്രസ്തുത സ്ഥാപനത്തിൽ ഓരോ തസ്തികയ്ക്കും വേണ്ട അടിസ്ഥാന യോഗ്യത എന്തെല്ലാമാണ് ; നിയമനത്തിന്റെ മാനദണ്ഡമെന്തെല്ലാമാണ് ;

(ഇ) പ്രസ്തുത സ്ഥാപനത്തിലെ നിയമനങ്ങൾ ഏത് ഏജൻസിയാണ് നടത്താറുള്ളത് ; വിശദമാക്കാമോ ;

(എഫ്) ഇപ്പോൾ ജോലി ചെയ്യുന്നവരിൽ എത്ര സ്ഥിരം-താല്ക്കാലിക ജീവനക്കാർ ഉണ്ട് ;

(ജി) പ്രസ്തുത സ്ഥാപനത്തിലെ നിയമനങ്ങളിൽ സംവരണതത്വം പാലിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ)
1. റീജിയണൽ സെന്റർ, ഇടപ്പള്ളി, എറണാകുളം
2. റീജിയണൽ സെന്റർ, തിരുവനന്തപുരം
3. എക്സ്റ്റൻഷൻ സെന്റർ, തിരുവനന്തപുരം
4. കോളേജ് ഓഫ് എൻജിനീയറിംഗ്, അടൂർ
5. കോളേജ് ഓഫ് എൻജിനീയറിംഗ്, ചെങ്ങന്നൂർ
6. മോഡൽ കോളേജ് ഓഫ് എൻജിനീയറിംഗ്, എറണാകുളം
7. കോളേജ് ഓഫ് എൻജിനീയറിംഗ്, കല്ലൂപ്പാറ
8. മോഡൽ പോളീടെക്നിക്ക്, മറ്റക്കര, കോട്ടയം
9. മോഡൽ പോളീടെക്നിക്ക്, മാള
10. മോഡൽ പോളീടെക്നിക്ക്, ഈരാറ്റുപേട്ട, തീക്കോയ്
11. മോഡൽ പോളീടെക്നിക്ക്, കല്യാശ്ശേരി, കണ്ണൂർ
12. മോഡൽ പോളീടെക്നിക്ക്, പൈനാവ്, ഇടുക്കി
13. മോഡൽ പോളീടെക്നിക്ക്, വടകര
14. കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, പീരുമേട്
15. കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, പടുവം
16. കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, മലപ്പുറം

LIBRARY ARCHIVES Kerala Legislative Assembly

17. കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, മല്ലപ്പള്ളി,
18. കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, പുതുപ്പള്ളി
19. കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, വടക്കാഞ്ചേരി
20. കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, മാവേലിക്കര
21. കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, അടൂർ
22. കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, കോഴിക്കോട്
23. ടെക്നിക്കൽ ഹയർസെക്കന്ററി സ്കൂൾ, പുതുപ്പള്ളി
24. ടെക്നിക്കൽ ഹയർസെക്കന്ററി സ്കൂൾ, മല്ലപ്പള്ളി
25. ടെക്നിക്കൽ ഹയർസെക്കന്ററി സ്കൂൾ, വട്ടംകുളം
26. ടെക്നിക്കൽ ഹയർസെക്കന്ററി സ്കൂൾ, ചെങ്ങമനാട്, കാംപ്രിശ്ശേരി
27. ടെക്നിക്കൽ ഹയർസെക്കന്ററി സ്കൂൾ, വാഴക്കാട്
28. മോഡൽടെക്നിക്കൽ ഹയർസെക്കന്ററി സ്കൂൾ, കല്ലൂർ
29. മോഡൽടെക്നിക്കൽ ഹയർസെക്കന്ററി സ്കൂൾ, തൊടുപുഴ
30. മോഡൽടെക്നിക്കൽ ഹയർസെക്കന്ററി സ്കൂൾ, പീരുമേട്
31. മോഡൽ പോളിടെക്നിക്ക്, കരുനാഗപ്പള്ളി
32. ഐ.എച്ച്.ആർ.ഡി. ഹെഡ്കോർട്ടേഴ്സ്, തിരുവനന്തപുരം

(ബി&സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) ഐ.എച്ച്.ആർ.ഡിയിൽ നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരമാണ് നിയമനങ്ങൾ നടത്തുന്നത്.

(ഇ) ഐ.എച്ച്.ആർ.ഡി.യാണ് നിയമനങ്ങൾ നടത്തുന്നത്.

(എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ജി) സ്ഥാപിത കാലങ്ങളിൽ സംവരണതത്വം പൂർണ്ണമായും പാലിക്കാൻ കഴിഞ്ഞിട്ടില്ല. 1998-നു ശേഷം നടത്തിയ നിയമനങ്ങൾ താഴ്ന്ന വിഭാഗം തസ്തികകളൊഴികെ സംവരണ തത്വം പാലിച്ചിട്ടുണ്ട്.

അൺ എയ്ഡഡ് സ്കൂളുകളിൽ പ്ലസ്ടു അനുവദിക്കണമെന്ന ആവശ്യം

110 (1241) ശ്രീ. ആര്യാടൻ മുഹമ്മദ് :
ശ്രീ. പി. പി. തങ്കച്ചൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സഭാം മറുപടി നൽകുമോ :

(എ) അടുത്ത അദ്ധ്യയനവർഷത്തിൽ ഹൈസ്ക്കൂളുകളിൽ പ്ലസ് ടു അനുവദിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുമൂലം എത്ര വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിക്കും എന്ന് വ്യക്തമാക്കാമോ ;

(സി) അൺ എയ്ഡഡ് സ്കൂളുകളിൽ പ്ലസ്ടു അനുവദിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly